# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **392** 28-05-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം കരിങ്കല്ല് കിട്ടാത്തതിനാൽ പ്രതിസന്ധിയിലാണെന്ന് കാണിച്ച് അദാനി ഗ്രൂപ്പ് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;<br>(ബി) ഇത് പൂർത്തിയാക്കുന്നതിന് എത്ര ലക്ഷം മെട്രിക് ടൺ കരിങ്കല്ലാണ് ആവശ്യമുള്ള തെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും ഉണ്ട്. തുറമുഖ പദ്ധതിക്കായി ആകെ 75 ലക്ഷം ടൺ പാറയാണ് ആവശ്യമുള്ളത്. ഇതിൽ പുലിമുട്ട് നിർമ്മാണത്തിന് മാത്രമായി 65 ലക്ഷം ടൺ പാറ വേണ്ടിവരും. പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ട ചുമതല അദാനി കമ്പനിക്കാണ്. എന്നാൽ ഇതുവരെ 5 ലക്ഷം ടൺ പാറ മാത്രമേ നിർമ്മാണത്തിനായി ലഭ്യമാക്കുവാൻ അദാനി കമ്പനിക്ക് കഴിഞ്ഞിട്ടുള്ളൂ. |
| (സി) തിരുവനന്തപുരത്തിന്റെയും, സമീപ ജില്ലകളിലെയും പാറമടകളിൽ നിന്ന് കരിങ്കല്ല് ഖനനം ചെയ്യുന്ന തിന് നൽകിയ അപേക്ഷ കളിൽ വിവിധ വകുപ്പുകളിൽ നിന്ന് അനുമതി ലഭിക്ക വാൻ കാലതാമസം നേരിടുന്നു എന്നത് വസ്തുതയാണോ ; | (സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 21 ക്വാറികൾ പ്രവർത്തനക്ഷമമാക്കാനാണ് അദാനി കമ്പനി ശ്രമിക്കുന്നത്. ഇതിനുവേണ്ടി റവന്യൂ മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ട്. മാത്രമല്ല, പല ഘട്ടങ്ങളിലും പൊതുജനാഭിപ്രായം തേടുകയും, അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതു മായിട്ടുണ്ട്. ഇതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ നിശ്ചിത സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഇതു കൂടാതെ കമ്പനി സമർപ്പിച്ച അപേക്ഷകളിൽ പോരായ്മകൾ കണ്ടെത്തിയ അവസരങ്ങളിൽ അവയ്ക്ക് അദാനി കമ്പനിയും അവരുടെ പങ്കാളികളായ സ്വകാര്യ ക്വാറി ഉടമകളും വിശദീകരണങ്ങൾ സമർപ്പിക്കേണ്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ടി പ്രക്രിയകൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നുണ്ട്. |
| (ഡി) പദ്ധതി പൂർത്തീകരിക്കുവാൻ അദാനി ഗ്രൂപ്പ് കൂടുതൽ സമയം ആവശ്യപ്പെട്ട തിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ? | (ഡി) ഉണ്ട്. പദ്ധതി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യവുമായി 4 അവസരങ്ങളിലാണ് അദാനി കമ്പനി സർക്കാരിനെ സമീപിച്ചിട്ടുള്ളത്. ഇവയുടെ കാരണങ്ങൾ താഴെ വിവരിക്കുന്നു.<br>1. 2017 ഒക്ടോബർ മാസത്തിൽ പദ്ധതി പ്രദേശത്ത് പൈലിംഗ് ടെസ്റ്റ് നടത്തവേ വീടുകൾക്ക് |

കേടുപാടുകൾ സംഭവിച്ചെന്ന ആക്ഷേപവുമായി പ്രദേശ നിവാസികൾ പത്ത് ദിവസത്തോളം പദ്ധതി പ്രദേശത്ത് പ്രതിഷേധം നടത്തിയതിനാൽ ടി ദിവസങ്ങളിൽ തുറമുഖ നിർമ്മാണ പ്രവൃത്തികൾ തുടരാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സമയം ദീർഘിപ്പിച്ച് നൽകണമെന്നും അദാനി കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലായെന്ന് പദ്ധതിയുടെ Independent Engineer (IE) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

2. 2017 നവംബറിലെ ഓഖി ചുഴലിക്കാറ്റിൽ ഡ്രെഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ അവ നന്നാക്കി പണികൾ പുനരാരംഭിക്കാൻ കാലതാമസം നേരിട്ടതിനാൽ പദ്ധതിയുടെ നിർമ്മാണ കാലയളവ് 16 മാസം ദീർഘിപ്പിച്ചു നൽകണമെന്ന് നിർമ്മാണ കമ്പനി ആവശ്യപ്പെടുകയുണ്ടായി. പദ്ധതിയുടെ Independent Engineer (IE) ഈ അവകാശവാദം പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അദാനി കമ്പനിയുടെ ആവശ്യം നിരസിക്കുകയുണ്ടായി.

3. 2018 ജൂലൈ മാസത്തിൽ ഉണ്ടായ രണ്ട് ദിവസത്തെ കടൽക്ഷോഭം നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിച്ചതിനാൽ കാലാവധി നീട്ടിനൽകണമെന്ന നിർമ്മാണ കമ്പനിയുടെ ആവശ്യത്തിൻമേൽ Independent Engineer ടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

4. പാറ ഖനനത്തിനായുള്ള പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് 2018 ഡിസംബറിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (NGT) പുറപ്പെടുവിച്ച ഉത്തരവ് കാരണം ഖനനാനുമതികൾ നേടിയെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി പൂർത്തീകരിക്കാൻ കൂടുതൽ സമയം വേണ്ടിവരുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിയമവിദഗ്ധർ പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വാദം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**